"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് 2023-24-"**BEYPORE INTEGRATED RT DEVELOPMENT PROJECT -KERALA RESPONSIBLE TOURISM MISSION SOCIETY 2024-25**" – ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**318/2024/TSM** തീയതി,തിരുവനന്തപുരം, **06-07-2024**

---

പരാമർശം:-

1. **30-05-2019**-ലെ സ.ഉ (കൈ) നം.**03/2019**/ടൂറിസം.
2. **08-07-2023**-ലെ സ.ഉ (സാധാ) നം.**332/2023**/ടൂറിസം.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ **22-06-2024**-ലെ ഡിഇടി/**1434/2024**-പി7 നമ്പർ കത്ത്.
4. **27-06-2024** തീയതിയിലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.

**<u>ഉത്തരവ്</u>**

ബേപ്പൂർ പ്രദേശത്തിന്റെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു തുടർ പദ്ധതിയാണ് ***BEYPORE INTEGRATED RT DEVELOPMENT PROJECT.*** ബേപ്പൂരിനെ ഒരു അന്താരാഷ്ട്ര സുസ്ഥിര ഉത്തരവാദിത്ത വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കാൻ ലക്ഷ്യമാക്കിക്കൊണ്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് .

(2). പങ്കാളിത്ത ടൂറിസം വികസനം പ്രക്രിയയിലൂടെ 4 വർഷക്കാലം കൊണ്ട് ഘട്ടം ഘട്ടമായി ബേപ്പൂരിനെ അന്താരാഷ്ട്ര ഉത്തരവാദിത്ത വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള ***BEYPORE INTEGRATED RT DEVELOPMENT PROJECT -KERALA RESPONSIBLE TOURISM MISSION SOCIETY 2024-25*** എന്ന പദ്ധതിയ്ക്ക് ₹ **1,24,82,043/-** (ഒരു കോടി ഇരുപത്തിനാല് ലക്ഷത്തി എൺപത്തിരണ്ടായിരത്തി നാൽപ്പത്തിമൂന്ന് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി പ്രൊപ്പോസൽ പരാമർശം (3) പ്രകാരം

വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി. പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവർത്തനങ്ങൾ | | തുക |
|---|---|---|---|
| 1 | മുൻ വർഷത്തെ ബിൽ സെറ്റിൽമെന്റിന് ആവശ്യമായ തുക | | 27,32,043.00 |
| 2 | റെസ്പോൺസിബിൾ ഫുഡ് ട്രക്ക് | | 20,00,000.00 |
| 3 | സമൃദ്ധി തുണിസഞ്ചി നിർമ്മാണ യൂണിറ്റ് | | 19,00,000.00 |
| 4 | യൂണിറ്റുകൾക്കുള്ള ഒറ്റത്തവണ ധനസഹായം | | 2,50,000.00 |
| 5 | മത്സ്യബന്ധന മേഖലയിലെ ഫുഡ്, സുവനീർ നിർമ്മാണ യൂണിറ്റ് - ആദ്യഘട്ടം | | 56,00,000.00 |
| 5.1 | കെട്ടിടം തയ്യാറാക്കുന്നതിന് നിലവിലുള്ള കെട്ടിടത്തിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ആവശ്യമായ തുക | 20,00,000.00 | |
| 5.2 | ആവശ്യാനുസരണം മിക്സിങ്, പാക്കിങ് മെഷീനറികളോ, ഉണക്കമീൻ നിർമ്മാണത്തിന് ആവശ്യമായ ഡ്രയർ പോലുള്ള മറ്റുപകരണങ്ങളോ വാങ്ങുന്നതിന് / സെറ്റ് ചെയ്യുന്നതിന് ആവശ്യമായ തുക | 15,00,000.00 | |
| 5.3 | മാലിന്യ സംസ്ക്കരണ സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ തുക | 300,000.00 | |

| | | | |
|---|---|---|---|
| 5.4 | ശുദ്ധജലം, വൈദ്യുതി എന്നീ സംവിധാനങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ തുക | 300,000.00 | |
| 5.5 | മത്സ്യം ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ആവശ്യമായ തുക | 300,000.00 | |
| 5.6 | പാക്കേജിന് ആവശ്യമായ കുപ്പികൾ മറ്റുള്ള വസ്തുക്കൾ വാങ്ങുന്നതിനു ആവശ്യമായ തുക | 300,000.00 | |
| 5.7 | യൂണിറ്റ് അംഗങ്ങൾക്കുള്ള പരിശീലനം | 400,000.00 | |
| 5.8 | ലൈസൻസിംഗ്, ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് | 500,000.00 | |
| | ആകെ(5.1 മുതൽ 5.8 വരെ) | 56,00,000.00 | |
| | **ആകെ തുക (GST ഉൾപ്പെടെ )** | | **1,24,82,043.00** |
| **ഒരുകോടി ഇരുപത്തി നാല് ലക്ഷത്തി എൺപത്തി രണ്ടായിരത്തി നാൽപത്തി മൂന്ന് രൂപ മാത്രം** | | | |

(3). 26-07-2024 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും, മേൽ പദ്ധതി പ്രൊപ്പോസൽ ചില ഘടകങ്ങൾ ഒഴിവാക്കിക്കൊണ്ടും ചില നിബന്ധനകളോടെയും അംഗീകരിക്കുകയും ചെയ്തു.

(4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ***BEYPORE INTEGRATED RT DEVELOPMENT PROJECT -KERALA RESPONSIBLE TOURISM MISSION SOCIETY 2024-25*** എന്ന പദ്ധതിയ്ക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ ***3452-80-104-89-Responsible Tourism (Plan)"***എന്ന ശീർഷകത്തിൽ നിന്നും സമൃദ്ധി തുണിസഞ്ചി നിർമ്മാണ യൂണിറ്റ് എന്ന

ഘടകം മാറ്റി വെച്ചുകൊണ്ട് ശേഷിച്ച തുകയായ **₹1,05,82,043/- (ഒരു കോടി അഞ്ച് ലക്ഷത്തി എൺപത്തിരണ്ടായിരത്തി നാൽപ്പത്തിമൂന്ന് രൂപ മാത്രം)** രൂപയ്ക്ക് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്കു ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(4). പ്രസ്തുത പദ്ധതി കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.
ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്
പി.ഐ. ഇ.എം. വകുപ്പ്
വിനോദസഞ്ചാര (എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/175/2024-ടൂർ)

ഉത്തരവിൻ പ്രകാരം
Signed by
Deepu B K
Date: 06-07-2024 17:52:48
സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.